പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1824          10.02.2020 -ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി. യിലെ എക്സ്-ഗ്രേഷ്യാ പെൻഷൻ കുടിശ്ശിക**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി.എ. റഹീം | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിലെ എക്സ്-ഗ്രേഷ്യാ പെൻഷൻകാർക്ക് പെൻഷൻ കുടിശ്ശിക നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്.<br>ജീവനക്കാർ വിരമിക്കുമ്പോൾ വിവിധ കാരണങ്ങളാൽ പെൻഷൻ അനുവദിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം മൂലമാണ് കുടിശ്ശിക ഉണ്ടായിട്ടുള്ളത്. |
| (ബി) | താമരശ്ശേരി ഡിപ്പോയിൽ നിന്ന് ഡ്രൈവറായി റിട്ടയർ ചെയ്ത പി.സി.അഹമ്മദ്കുട്ടി എന്നയാൾ കുടിശ്ശികയായ എക്സ്-ഗ്രേഷ്യാ പെൻഷൻ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ടിയാന്റെ 12/2018, 01/2019 എന്നീ കാലയളവിലെ പെൻഷൻ കുടിശ്ശിക ബിൽ യൂണിറ്റിൽ നിന്നും തയ്യാറാക്കി അയച്ചത് ലഭ്യമാകുകയും ആയതിൻപ്രകാരം പുതുതായി തയ്യാറാക്കുന്ന സപ്ലിമെന്ററി പട്ടികയിൽ ഉൾപ്പെടുത്തി സഹകരണ സംഘം രജിസ്ട്രാർക്ക് പെൻഷൻ വിതരണത്തിനായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. |
| (സി) | കുടിശ്ശിക നൽകുന്നതിൽ കാലതാമസം വരാനിടയായ കാരണം വ്യക്തമാക്കാമോ? | (സി) | 2017 ഡിസംബർ മുതൽ നാളിതുവരെയും കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേനയാണ് വിതരണം ചെയ്തുവരുന്നത്. പെൻഷൻ വിവിധ കാരണങ്ങളാൽ യഥാസമയം ലഭിക്കാത്തവരുടെ കുടിശ്ശിക ബിൽ യൂണിറ്റിൽ നിന്നും തയ്യാറാക്കിവന്നത് 16.03.2019-ൽ സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്തിട്ടുണ്ട്. തുടർന്ന് ഇത്തരത്തിൽ പെൻഷൻ ലഭിക്കാത്തവരുടെ നാളിതുവരെയുള്ള ബില്ലുകൾ യൂണിറ്റുകളിൽ നിന്നും ശേഖരിച്ച് . പെൻഷൻ വിതരണത്തിനുള്ള പട്ടിക തയ്യാറാക്കി സഹകരണ സംഘത്തിന് ഉടൻ നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**